നം. ഇ.എസ് 1-99492/2017/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി : 22.11.2017.

## സർക്കുലർ

വിഷയം:- ആ.വ.ഡ – ജീവനക്കാര്യം – തസ്തികമാറ്റം വഴി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് നിയമനം നടത്തുന്നതിനു വേണ്ടി ആരോഗ്യ വകുപ്പിലെ നിശ്ചിത യോഗ്യതയുള്ളവരുടെ സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കുന്നത് – സംബന്ധിച്ച്

സൂചന:- ജി.ഒ (പി) 344/2008/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 08.07.2008.

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനു വേണ്ടിയുള്ള സീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നതിലേക്കായി 01.01.2016 മുതൽ 31.10.2017 വരെ നിശ്ചിത യോഗ്യത നേടിയിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ/ഫീൽഡ് വർക്കേഴ്സ് (ധോബി, ബാർബർ, കുക്ക്, ടെയ്‌ലർ ഒഴികെയുള്ള) എന്നിവർ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകളോടൊപ്പം സ്ഥാപന മേലധികാരികൾക്ക് 20.12.2017 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

### യോഗ്യത

ജനറൽ : എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

സാങ്കേതികം : ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിലുള്ള വിജയം.

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ഈ സർക്കുലറും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയും അവരവരുടെ കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചു കൊടുക്കേണ്ടതാണ്.

പ്രസ്തുത സീനിയോറിട്ടി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തേണ്ടവരുടെ അപേക്ഷയും പൂരിപ്പിച്ച പ്രൊഫോർമയും അനുബന്ധ രേഖകളും അവരവരുടെ സ്ഥാപന മേധാവികളിൽ നിന്നും ശേഖരിച്ച് അവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം 30.12.2017 ന് മുൻപായി പ്രത്യേക ദൂതൻ മുഖേന ഈ ആഫീസിൽ എത്തിച്ച് തരേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
   തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്
2. ഔദ്യോഗിക വെബ്സൈറ്റ്
3. ഫയൽ

2017

DES

# പ്രൊഫോർമ

| | | |
|---|---|---|
| 1 | പേര് | |
| 2 | ഉദ്യോഗപ്പേര് | |
| 3 | നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി. | |
| 4 | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര് | |
| 5 | ജനന തീയതി | |
| 6 | യോഗ്യത<br>(എ) ജനറൽ<br>(ബി) സാങ്കേതികം<br>(യോഗ്യതയുടെ പേര്, വർഷം)<br>**(സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)** | |
| 7 | ആരോഗ്യ വകുപ്പിൽ റഗുലർ സർവ്വീസിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 8 | നിലവിലെ തസ്തികയിൽ പ്രൊബേഷൻ പൂർത്തീ കരിച്ചിട്ടു ണ്ടെങ്കിൽ തീയതിയും ഉത്തരവ് നംപരും **(പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)** | |
| 9 | പ്രസ്തുത തസ്തികയിലെ ഇപ്പോഴത്തെ അടിസ്ഥാന ശമ്പളവും ശമ്പള സ്കെയിലും | |
| 10 | ഈ വിഷയവുമായി ബന്ധപ്പെട്ട് മറ്റ് അഭിപ്രായം വല്ലതുമുണ്ടെങ്കിൽ അത് | |
| 11 | ഉദ്യോഗസ്ഥന്റെ മൊബൈൽ നംപർ. | |

ഉദ്യോഗസ്ഥന്റെ ഒപ്പും തീയതിയും

പ്രസ്തുത ഉദ്യോഗസ്ഥന്റെ സേവനപുസ്തകവും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ മുകളിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ശരിയായിട്ടുള്ളതാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

മേലധികാരിയുടെ ഒപ്പും തീയതിയും
(സീൽ ഉൾപ്പെടെ)

സ്ഥലം :

തീയതി :

2/4